(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

വനനശീകരണം

139 *[398] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 15-8-1985 വരെ സംസ്ഥാനത്ത് എത്ര ഹെക്ടർ വനങ്ങൾ ഇല്ലാതായി;

(ബി) എത്ര ഹെക്ടർ വനം നശിപ്പിക്കപ്പെട്ടിട്ടുണ്ട്;

(സി) സംസ്ഥാനത്ത് വർഷംതോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും മണ്ണൊലിപ്പിനും ഇവിടെ നടന്നു വരുന്ന വനനശീകരണവുമായി എന്തു ബന്ധമുണ്ടെന്നറിയാൻ കേന്ദ്ര വനം വകുപ്പുദ്യോഗസ്ഥൻമാർ സംസ്ഥാനം സന്ദർശിച്ചുവോ;

(ഡി) എങ്കിൽ ആയതിൻെറ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം റിസർവ് വനത്തിൽനിന്നും 503.74 ഹെക്ടറും നിക്ഷിപ്ത വനത്തിൽനിന്ന് 636.28 ഹെക്ടറും വിവിധ ആവശ്യങ്ങൾക്കായി വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) വനം കയ്യേറി നശിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ അവ കണ്ടുപിടിച്ച് വനം സംരക്ഷിക്കാറുണ്ട്.

(സി) (ഡി) കേന്ദ്ര വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ സന്ദർശിച്ചതായി അറിവില്ല.

ചാലക്കുടി വനാന്തരങ്ങളിലെ അനധികൃത നായാട്ട്

140 [403] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി വനാന്തരങ്ങളിൽ അനധികൃതമായി നായാട്ട് നടത്തിയതിന് ഇരിങ്ങാലക്കുട തഹസിൽദാറായ ശ്രീ. പി. എസ്. രാജനേയും താലൂക്ക് ആഫീസിലെ മറ്റു രണ്ടു ജീവനക്കാരെയും താലൂക്കാഫീസിലെ ജീപ്പോടുകൂടി ഫോറസ്റ്റ് വകുപ്പുകാർ കസ്റ്റഡിയിലെടുക്കുകയുണ്ടായോ;

(ബി) തഹസിൽദാരെ ഒഴിവാക്കി ഒരു സെബാസ്റ്റ്യൻെറ പേരിൽ കേസ് ചാർജ് ചെയ്ത സംഭവം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) വിജിലൻസ് വകുപ്പിനെക്കൊണ്ട് ഇതേപ്പറ്റി അന്വേഷിപ്പിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly